(സി) ഇവയിൽ ഓരോന്നിനും വിനിയോഗിക്കാൻ ഉദ്ദേശിക്കുന്ന തുക ചുവടെ ചേർക്കുന്നു :

1. നന്തൻകോട് കുളം	- ₹	12,00,000
2. മാവിറവിള കുളം	- ₹	15,00,000
3. തെങ്ങുവിള കുളം	- ₹	15,00,000
4. കോട്ടകോണം കുളം	- ₹	14,78,000
5. വേളാരിവിള കുളം	- ₹	14,78,000
6. നന്ദുവിള കുളം	- ₹	15,00,000

കെ.ഐ.ഐ.ഡി.സി.-യുടെ സാങ്കേതിക മേൽനോട്ടത്തിൽ ബന്ധപ്പെട്ട വാർഡ് കൗൺസിലർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത കുളങ്ങളുമായി ബന്ധപ്പെട്ട റസിഡന്റ്സ് അസോസിയേഷനുകൾവഴിയാണ് മേൽ പദ്ധതി നിർവ്വഹിച്ചുവരുന്നത്.

കനാൽറോഡ് നിർമ്മാണത്തിനായി അനുവദിച്ച തുക

202 (894) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും കനാൽ റോഡ് നിർമ്മാണത്തിനായി ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്രയുക വീതം അനുവദിച്ചു ?

ഉത്തരം

2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ കനാൽ റോഡ് നിർമ്മാണത്തിനായി വിവിധ ജില്ലകളിലെ പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം I, II എന്നിവയായി ചേർത്തിരിക്കുന്നു.*

മഞ്ഞാലി തോടിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി

203 (895) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-4-2011-ൽ 12.35 കോടി രൂപയുടെ ഭരണാനുമതിയും 25-4-2013-ൽ 14 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിച്ച മഞ്ഞാലി തോടിന്റെ ശ്രീ. ഭഗവതിക്ഷേത്രം മുതൽ മധുരപ്പുറം പാലംവരെയുള്ള രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ 4 വർഷം പൂർത്തിയാകാറായിട്ടും ആരംഭിക്കാൻ സാധിക്കാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ ;

---

*

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തുവാനും അടിയന്തരയോഗം വിളിച്ചുചേർക്കുവാനും ആവശ്യപ്പെട്ട് 16-6-2014-ൽ സമർപ്പിച്ചിരുന്ന നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സി.എൽ.ആർ. ജീവനക്കാർക്ക് ഇ.എസ്.ഐ. ആനുകൂല്യം

204 (896) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർജ്ജല വകുപ്പിലെ സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാർക്ക് നൽകിവരുന്ന സേവന വേതനങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂജല വകുപ്പിലെ സ്കിൽഡ്, അൺസ്കിൽഡ് സി.എൽ.ആർ. ജീവനക്കാർക്ക് പ്രതിദിന വേതനമായി യഥാക്രമം 396 രൂപയും 377 രൂപയും നൽകുന്നു.

2-2-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 18/2015/ജവിവ പ്രകാരം സ്കിൽഡ് എസ്.എൽ.ആർ.-ന് 8500-13200, അൺസ്കിൽഡ് എസ്.എൽ.ആർ.-ന് 8270-12270 എന്ന ശമ്പള സ്കെയിലിൽ വേതനം പുതുക്കിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന ശമ്പളത്തിന്റെ 73% ക്ഷാമബത്തയും 125 രൂപ പ്രതിമാസ നിരക്കിൽ വീട്ടുവാടക ബത്തയും നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly